## പയർ വർഗ്ഗങ്ങളുടെ വിലക്കയറ്റം

227 (1311) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഴുന്നുപരിപ്പ്, തുവരപരിപ്പ്, ചെറുപയർ എന്നീ പയർ വർഗ്ഗങ്ങൾക്കുണ്ടായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിപണിയിൽ വില നിയന്ത്രണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കൃത്രിമമായ വിലക്കയറ്റവും പൂഴ്ത്തി വെയ്പും തടയുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ജില്ലാ കളക്ടർമാർക്കും ജില്ലാ സപ്ലൈ ഓഫീസർമാർക്കും കൂടുതൽ അധികാരങ്ങൾ നൽകി കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇതുവരെ എത്ര റെയ്ഡുകളാണ് നടത്തിയിട്ടുള്ളത്, സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുവിപണിയിൽ വില നിയന്ത്രിക്കുന്നതിന് കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് ഭക്ഷ്യ പൊതു വിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ലീഗൽ മെട്രോളജി തുടങ്ങിയ വകുപ്പുകളുമായും ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് സംയുക്തമായി പരിശോധനകൾ നടത്തുന്നുണ്ട്. ഭക്ഷ്യ പൊതു വിതരണ വകുപ്പിൽ സംസ്ഥാന തലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും, ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും, താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും ശക്തമായ പരിശോധനകളും, റെയ്ഡും നടത്തുന്നു. കൂടാതെ അവശ്യ സാധനങ്ങൾ ഉൾപ്പെടെ എല്ലാ സാധനങ്ങളുടെയും വില വർദ്ധനവ് തടയുന്നതിനായി പൊതുവിതരണ ശൃംഖലയിലൂടെ ഭക്ഷ്യധാന്യങ്ങൾ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നു. മാത്രമല്ല, സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ്, ന്യായവില ഷോപ്പുകൾ, പീപ്പിൾ ബസാറുകൾ മുതലായവയിലൂടെ സബ്സിഡി നിരക്കിൽ പയറുവർഗ്ഗങ്ങളുടെ വിലക്കയറ്റം തടയുന്നതിനായി നിശ്ചിത അളവിൽ വിതരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) നിലവിൽ 1955-ലെ അവശ്യ സാധന നിയമപ്രകാരം ഉള്ള അധികാരങ്ങളും ജില്ലാ കളക്ടറിൽ നിക്ഷിപ്തമായ അധികാരങ്ങളും ഉപയോഗിച്ചാണ് കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നത്.

(ഇ) നടപ്പ് സാമ്പത്തിക വർഷത്തിൽ ഇതുവരെ 7246 പരിശോധനകൾ നടത്തിയിട്ടുണ്ട്.

**പഴം-പച്ചക്കറി സംഭരണവും സംസ്കരണവും**

228 (1312) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പഴം-പച്ചക്കറി സംഭരണത്തിനും സംസ്കരണത്തിനും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എറണാകുളം ജില്ലയിൽ ഇലഞ്ഞിയിൽ പഴം-പച്ചക്കറി ശീതീകരണ സംസ്കരണശാല APEDA-യുടെ സാമ്പത്തിക സഹായത്തിൽ നിർമ്മാണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly